# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 07-08-2017- ൽ
നം: 64 മറുപടി പറയേണ്ടിയിരുന്നത്

## വിധവകൾക്ക് വീട് വയ്ക്കുന്നതിനുള്ള ആനുകൂല്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിച്ചവർ എന്നിവർക്ക് വീട് വയ്ക്കുന്നതിന് നൽകുന്ന ആനുകൂല്യം തുല്യ നീതിയെന്ന കാഴ്ചപ്പാടോടുകൂടി എല്ലാ മതത്തിലുമുള്ള സ്ത്രീകൾക്കും നൽകാൻ കഴിയുമോ; | (എ) | വിവിധ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന വകുപ്പ് / കോർപറേഷനുകൾ / ബോർഡ് പോലെ തന്നെ മതന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന ഒരു പദ്ധതിയാണ് വിധവകൾ, വിവാഹ മോചിതർ , ഭർത്താവ് ഉപേക്ഷിച്ചവർ എന്നിവർക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി . ഓരോരോ വിഭാഗത്തിന്റെയും പ്രത്യേക ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള വകുപ്പ്/ കോർപറേഷൻ / ബോർഡ് എന്നിവ അതാത് വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങളാണ് പ്രാവർത്തികമാക്കുന്നത് .അത്തരത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമാണ പദ്ധതി വഴിയാണ് ഇത്തരക്കാർക്ക് ആനുകൂല്യം നൽകുന്നത്.<br>ഭവന രഹിതരായ എല്ലാ വിഭാഗത്തിലും പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പാർപ്പിട പദ്ധതിയാണ് ലൈഫ് മിഷൻ . |
| (ബി) | 2016-17 സാമ്പത്തിക വർഷം എത്ര വീടുകൾ ഈ ഇനത്തിൽ നിർമ്മിച്ചിട്ടുണ്ട് എന്നും എത്ര രൂപ ചെലവായി എന്നും അറിയിക്കുമോ ; | (ബി) | ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി 2016-17 പ്രകാരം സംസ്ഥാനത്ത് 1240 വീടുകൾക്ക് 3100 ലക്ഷം രൂപ ചെലവഴിച്ചി ട്ടുണ്ട്. |
| (സി) | വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിച്ചവർ, വിധവകൾ എന്നീ വിഭാഗങ്ങളിൽ ഓരോന്നിനും 2016-17 ൽ ലഭ്യമായ വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | വിധവ/ വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ടി വിഭാഗങ്ങളെ ഒന്നായി പരിഗണിച്ചാണ് ആനുകൂല്യം നൽകുന്നത്. ഇപ്രകാരം 1240 വീടുകൾ സംസ്ഥാനത്താകെ അനുവദിച്ചി ട്ടുണ്ട്. |
| (ഡി) | ഏതൊക്കെ ന്യൂനപക്ഷ സമുദായങ്ങൾക്ക് ഈ ആനുകൂല്യം ഇതുവരെ ലഭ്യമായിട്ടുണ്ട് ; | (ഡി) | ബുദ്ധ, സിഖ്, പാഴ്സി, ജൈന, മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവർക്ക്. |

| | | | |
|---|---|---|---|
| ഇ) | ഭർത്താവ് ഉപേക്ഷിച്ചവരെ ഗുണഭോക്താക്കളാക്കുന്നത് ഏത് ആധികാരിക രേഖയുടെ അടിസ്ഥാനത്തിലാണ് ; തലാഖ് ചൊല്ലലിലൂടെ വിവാഹ മോചിതരായവർക്ക് ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എണ്ണം എന്ന് അറിയിക്കുമോ? | (ഇ) | വില്ലേജ് ആഫീസറുടെയും തഹസീൽദാറുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ. വിധവ/ വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ടി വിഭാഗങ്ങളെ ഒന്നായി പരിഗണിച്ച് ആനുകൂല്യം നൽകുന്ന സാഹചര്യത്തിൽ തലാഖ് മുതലായവ തരം തിരിച്ചിട്ടുള്ള വിവരങ്ങൾ ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**